## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7994** **24.07.2012 ൽ മറുപടിയ്ക്ക്**

## വാഹന പരിശോധന കർശനമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വാഹന പരിശോധനയ്ക്കായി വകുപ്പിൽ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ വാഹനപരിശോധനയ്ക്കായി റഡാറുകൾ, ഇന്റർസെപ്റ്ററുകൾ , സ്മോക്ക് മീറ്റർ. ഗ്യാസ് അനലൈസർ, ബ്രത്ത് അനലൈസർ, ക്യാമറ സർവൈലൻസ് സിസ്റ്റം, പോർട്ടബിൾ വെയിംഗ് മെഷീൻ, പി.ഡി.ഐ (പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റൻസ്) എന്നീ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചു വരുന്നു. |
| (ബി) | പരിശോധന കർശനമാക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | വാഹന പരിശോധനയും മറ്റ് എൻഫോഴ്സ്മെന്റ് നടപടികളും ഊർജ്ജിതമാക്കാനായി നിലവിലുണ്ടായിരുന്ന എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കു പുറമേ പുതുതായി 17 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കുകയും മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിംഗ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ട്രെയിനിംഗ് പൂർത്തിയാക്കിയ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ വിന്യസിച്ചുകൊണ്ട് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഉടൻ തന്നെ പൂർണ്ണമായും പ്രവർത്തന സജ്ജമാകും. കൂടാതെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി അപകടസാദ്ധ്യത കൂടിയ സ്ഥലങ്ങൾ , പ്രധാന ജംഗ്ഷനുകൾ എന്നിവിടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് ട്രാഫിക് നിയമലംഘനം കണ്ടെത്തി പിഴ ഈടാക്കുന്നു. അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഇന്റർസെപ്റ്റർ വാഹനം |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് അമിത വേഗത, മദ്യപിച്ച് വാഹനമോടിക്കൽ, ഓവർ ലോഡ് പരിശോധന, ഹെൽമറ്റ്, സീറ്റ് ബെൽറ്റ് ഉപയോഗിക്കാതിരിക്കുക, വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾ കണ്ടുപിടിച്ച് നിയമാനുസൃതമായ പിഴയോ, ശിക്ഷയോ നൽകിവരുന്നു. ഓട്ടോമേഷൻ വ്യാപകമാക്കിക്കൊണ്ടും സ്ക്വാഡുകളെ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കിക്കൊണ്ടും പരിശോധന കർശനമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പരിശോധനയ്ക്കാവശ്യമായ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ എണ്ണക്കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | വാഹന പരിശോധനക്കായി 56 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എൻഫോഴ്സ്മെന്റ് ഉൾപ്പെടെ മോട്ടോർ വാഹന വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ